പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2600

01.04.2013 ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരമേഖലയിൽ സ്വകാര്യപങ്കാളിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | വിനോദസഞ്ചാരമേഖലയിൽ സർക്കാർ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയ്ക്കുകൂടി പങ്കാളിത്തം നൽകുന്നത് നയമാണോയെന്ന് വ്യക്തമാക്കുമോ; | എ) | വിനോദസഞ്ചാരമേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളിൽ സ്വകാര്യമേഖലയെ കൂടി പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ബി) | വിനോദസഞ്ചാരമേഖലയിൽ ഈ സർക്കാർ എത്ര മുതൽ മുടക്ക് സർക്കാർ തലത്തിൽ ചെയ്തിട്ടുണ്ട്; | ബി) | വിനോദസഞ്ചാരമേഖലയിൽ വിവിധയിനങ്ങളിൽ പദ്ധതി വിഹിതമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013 ഫെബ്രുവരി വരെ 288.16 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | ഈ സർക്കാരിന്റെ കാലത്തെ ഈ മേഖലയിലെ സ്വകാര്യ മുതൽ മുടക്ക് എത്രയാണ്; | സി) | പ്രതി വർഷം ഏകദേശം 1000 കോടി രൂപയോളം സ്വകാര്യ മുതൽ മുടക്ക് ടൂറിസം മേഖലയിൽ ഉണ്ടാകുന്നുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. |
| ഡി) | ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സർക്കാർ സ്ഥലങ്ങളും സ്ഥാപനങ്ങളും സ്വകാര്യപങ്കാളിത്തത്തിൽ മുതൽമുടക്കാൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഡി) | ഈ സർക്കാരിന്റെ കാലത്ത് സർക്കാർ സ്ഥലത്ത് മുതൽമുടക്കാൻ അനുവദിച്ചിട്ടില്ല |
| ഇ) | സർക്കാർ സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ഇ) | പുതിയതായി ഒന്നും ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ